***പ്രസിദ്ധീകരണത്തിന്***

ഫാക്സ് : 0471-2333460

തീയതി 31.08.2017

വടക്കേ ഇന്ത്യയിലെ കനത്ത മഴ മൂലം കേരളത്തിലേയ്ക്കുള്ള വിവിധ ട്രെയിനുകൾ അനിശ്ചിതമായി താമസിക്കുന്നതായും വിവിധ സ്റ്റേഷനുകളിൽ മണിക്കൂറുകളോളം നിർത്തിയിടുന്നതായും യാത്രക്കാർക്ക് ഭക്ഷണമോ കുടിവെള്ളമോ ലഭിക്കുന്നില്ലായെന്ന പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക്, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ കത്ത് നൽകി.

കൊച്ചിയിലേയ്ക്കുള്ള മംഗള ലക്ഷദ്വീപ് എക്സ്പ്രസ് ട്രെയിൻ ഏകദേശം 18 മണിക്കൂറോളമായി പൂനയ്ക്ക് അടുത്ത് നിർത്തിയിട്ടിരിക്കുന്നതായി അറിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലും കേരളത്തിലേയ്ക്കുള്ള മറ്റ് വിവിധ ട്രെയിനുകൾ അനിശ്ചിതമായി വൈകുന്നതിൽ ഉത്കണ്ഠ രേഖപ്പെടുത്തുകയും യാത്രക്കാരെ നാട്ടിലെത്തിക്കാൻ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും അവർക്ക് ഭക്ഷണവും കുടിവെള്ളവും ലഭ്യമാക്കുന്നതിനും റെയിൽവെ ജീവനക്കാർക്ക് അടിയന്തിര നിർദ്ദേശം നൽകണമെന്നും മന്ത്രി ജി.സുധാകരൻ ആവശ്യപ്പെട്ടു.